കേരള സർക്കാർ

നം. 4212/എബി1/14/തസ്വഭവ.

തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്,

തിരുവനന്തപുരം: തീയതി: 08/12/2014

# സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുണഭോക്തൃ ലിസ്റ്റിന് വിധേയമായി വ്യക്തിഗത ആനുകൂല്യം നൽകുന്നതിലെ അപാകതകൾ സംബന്ധിച്ച് ആഡിറ്റ് പരാമർശങ്ങളിൻമേൽ ഉത്തരവാദിത്വം നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 08/05/2014-ലെ L.F. 1520/Sp. Cel.CSC/B1/2012-ാം നമ്പർ കത്ത്.

2) ബഹുമാനപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവനുസരിച്ച് 22/08/2014-ന് ബഹു. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ മിനിറ്റ്സ്

.......

സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ചും ആഡിറ്റ് തടസ്സങ്ങളുമായി ബന്ധപ്പെട്ട് നഷ്ടോത്തരവാദിത്വം നിർണ്ണയിക്കുന്നതു സംബന്ധിച്ചും സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

പഞ്ചായത്ത് രാജ്/നഗരപാലികാ നിയമത്തിലെ ചട്ടങ്ങൾ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ/വാർഡ് സഭയ്ക്കാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിയ്ക്കും ഭരണസമിതി അംഗങ്ങൾക്കുമായിരിക്കും. ഭരണസമിതി അംഗങ്ങൾ കൈമാറുന്ന ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ.തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റികൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ( ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ